LIBRARY ARCHIVES Kerala Legislative Assembly

കുമ്പഴ-വെട്ടൂർ-കോന്നി, പുങ്കാവ്-കോന്നി റോഡുകളുടെ നിർമ്മാണം

48 [3220] ശ്രീ. അടൂർ പ്രകാശ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിലെ കുമ്പഴ-വെട്ടൂർ-കോന്നി റോഡും പുങ്കാവ്-കോന്നി റോഡും ഇപ്പോൾ സഞ്ചാരയോഗ്യമാണോ;

(ബി) പ്രസ്തുത റോഡുകൾ പണിയുന്നതിന് ടെൻഡർ നൽകിയത് എന്നാണെന്നും ടെൻഡർ ഉറപ്പിച്ചതിൻപ്രകാരം കോൺട്രാക്ടർ പണി സമയ ബന്ധിതമായി പൂർത്തീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

(സി) പൊതുമരാമത്ത് പണികൾ ടെൻഡർ നടപടി പൂർത്തിയാക്കി എഗ്രിമെന്റ് വച്ചുകഴിഞ്ഞാൽ എത്രകാലംകൊണ്ട് പണിപൂർത്തിയാക്കണമെന്ന് നിഷ്ക്കർഷിക്കാറുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(ഡി) മേൽപ്പറഞ്ഞ റോഡുകളിലെ നിർമ്മാണത്തെപ്പറ്റി എന്തെങ്കിലും പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ഇ) പ്രസ്തുത റോഡിന്റെ പണി പൂർത്തിയായി ബിൽ പാസ്സാക്കി കൊടുത്തിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) ഗതാഗതയോഗ്യമാണ്.

(ബി) കുമ്പഴ-വെട്ടൂർ റോഡിന്റെ ടെണ്ടർ 17-1-2003-ലും ചന്ദനപ്പള്ളി-കോന്നി റോഡിന്റെ ടെണ്ടർ 21-2-2003-ലും നൽകിയിട്ടുണ്ട്. ഈ രണ്ടു റോഡുകളുടേയും പണി നടന്നുവരുന്നു.

(സി) പണികളുടെ വൈവിധ്യ സ്വഭാവവും, വലിപ്പവും ഡിപ്പാർട്ട്മെന്റിന്റെ കീഴ്വഴക്കങ്ങളും അനുസരിച്ച് കാലാവധി സാധാരണഗതിയിൽ 12 മാസം, 18 മാസം, 24 മാസം എന്നിങ്ങനെ നിശ്ചയിക്കാറുണ്ട്.

(ഡി) ഇല്ല.

(ഇ) പണി പൂർത്തിയായിട്ടില്ലാത്തതിനാൽ ബിൽ തുകകളൊന്നും കൊടുത്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

പേരാമ്പ്ര ടൗണിൽ ഗതാഗത തടസ്സങ്ങൾ ഒഴിവാക്കാൻ നടപടി

49 [3221] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര ടൗണിൽ നിരന്തരമായി ഗതാഗത തടസ്സങ്ങൾ ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിന് പരിഹാരം എന്ന നിലയിൽ ഒരു ബൈപാസ് റോഡ് നിർമ്മിക്കണമെന്ന ആവശ്യം പരിഗണനയിലുണ്ടോ;

(സി) എങ്കിൽ അതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ഏത് ഘട്ടംവരെ എത്തിയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) റോഡ് നിർമ്മാണത്തിനാവശ്യമായ സ്ഥലം പഞ്ചായത്ത് ലഭ്യമാക്കുന്ന മുറയ്ക്ക് ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിനും മറ്റ് അനന്തര നടപടികൾ സ്വീകരിക്കുന്നതിനും നടപടികൾ കൈക്കൊള്ളുന്നതാണ്.

കുണ്ടുപറമ്പ് എരഞ്ഞിക്കൽ റോഡ് നിർമ്മാണം

50 [3222] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കോർപ്പറേഷനിലെ കുണ്ടുപറമ്പ് നിന്നാരംഭിച്ച് എസ്.എച്ച്. 38 എരഞ്ഞിക്കൽ പുതിയ ബൈപ്പാസ് റോഡിൽ എത്തിച്ചേരുന്ന വിധത്തിൽ കനോലിതോടിന് അരികിൽ പൊതുമരാമത്തു വകുപ്പ് ഒരു പുതിയ റോഡ് ഉണ്ടാക്കുവാൻ എന്തെങ്കിലും നിർദ്ദേശം കൊടുത്തിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച റോഡിന്റെ അലൈൻമെന്റ് നിശ്ചയിച്ചു കഴിഞ്ഞോ;

(സി) പുതിയ റോഡിനുള്ള നിർദ്ദേശം കൊടുത്തില്ലെങ്കിൽ കുണ്ടുപറമ്പ് എരഞ്ഞിക്കൽ റോഡ് നിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി ആന്റ് സി) പ്രസ്തുത റോഡിന്റെ അലൈൻമെന്റ് പരിശോധിച്ചു വരികയാണ്.